For Private Circulation Only
February 2023

# ആശ്വാസദൂതൻ

HOLY BIBLE

Vol.70 " പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ " (കൊലൊ. 4:2) No.2

## ഉണർവ്വ് നില്ക്കുന്നത് ദൈവജനത്തിന്റെ പ്രാർത്ഥനയാണ്

By W.C.Moore

ഇവിടെ ഈ ദൈവചനം: "എന്നാൽ സകല മനുഷ്യർക്കും നാം സർവ്വശക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷപാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു" (1തിമോ. 2:1,2).

ലോകത്തിലുള്ള സകല സത്യ വിശ്വാസികളും തീർച്ചയായിട്ടും ഒരുമിക്കേണ്ടിയിരിക്കുന്നു. ഒരു മഹത്തായ ആത്മാർത്ഥതയോടുകൂടിയും, ആത്മ ഭാരത്തോടു കൂടിയ ഒരു കരച്ചിലോടു കൂടിയും നമ്മുടെ ദൈവത്തോട്, യേശുവിന്റെ മഹത്വത്തിനായിട്ട് വളരെ ശക്തവും ഭയങ്കരവുമായ ഒരു ഇടപെടൽ ലോകത്തിന്റെ കാര്യാദികളിൽ സംഭവിക്കേണ്ടതിനും അതുപോലെ പരിശുദ്ധാത്മാവിനെ ഒന്ന് അയക്കേണ്ടതിനായിട്ടും "…. നീ ഉറങ്ങുന്നതു എന്തു? എഴുന്നേറ്റു നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്ക" (യോന. 1:6).

" ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ… " (1കൊരി. 3:9). ദൈവം നമ്മെ ആണ് ഉപയോഗിക്കുന്നത്, ക്രിസ്ത്യാനികളേ, അവിടുത്തെ ജോലി വളരെ വിശ്വസ്തതയോടുകൂടി ചെയ്യുക. നമ്മൾ അറിയുന്നതുപോലെ കർത്താവിനെ ഉപേക്ഷിച്ച ലോകത്തിന്റെ മേൽ ദൈവകോപം സംഭവിക്കുവാൻ പോകുന്നുവെന്നും, അതുപോലെ തന്നേ നാം ദൈവീക കാര്യപരിപാടികളെ മാറ്റിമറിക്കുവാൻ അല്ല ശ്രമിക്കേണ്ടതു. അന്തിമമായ ന്യായവിധി സംഭവിക്കുന്നതിന്റെ മുമ്പെ വളരെ അത്യാവശ്യമായിരിക്കുകയാണ്. വ്യാപകമായ ഒരു ഉണർവ് സംഭവിക്കേണം. അത് വാസ്തവമായിട്ട് എന്നെയും, നിന്നേയും ആണ് ആശ്രയിച്ചിരിക്കുന്നത്, പ്രാർത്ഥിക്കുവാൻ. അതേ ശക്തമായ നിലയിൽ പാപത്തെ കുറിച്ചുള്ള ഒരു ബോധ്യം സകലർക്കും സംഭവിക്കേണ്ടതിനായിട്ടു ഹൃദയം കൊണ്ട് അന്വേഷിക്കേണ്ടതിനായിട്ട്, പരിശുദ്ധാത്മാവു നല്കുന്ന ഉണർവ്വിനാൽ ദൈവം ആയവൻ തന്നേ മുമ്പേ തീരുമാനിച്ച സമയത്തു തന്നേ അവിടുത്തെ അന്തിമ ന്യായവിധിയാൽ ദുഷ്ടതയും സകല അനീതിയാലും മുങ്ങികിടക്കുന്ന ഈ ലോകത്തെ പൂർണ്ണമായി തുടച്ച് വൃത്തിയാക്കേണ്ടിയിരിക്കുന്നു!

ദൈവത്തിന്റേതായ എല്ലാ വാഗ്ദത്തങ്ങളുടെയും നിവർത്തീകരണത്തിനായിട്ടു അവിടുത്തെ മക്കളായ നാം അവനിൽ പൂർണ്ണമായിട്ടു വിശ്വസിക്കുന്നവരും, അതുപോലെ തന്നേ ജാഗരൂകരായിരിക്കുന്നതിനായിട്ട് അവന്റെ സന്നിധിയിൽ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. "പിന്മഴയുടെ കാലത്തു യഹോവയോടു മഴെക്കു അപേക്ഷിപ്പിൻ; യഹോവ മിന്നൽ പിണർ ഉണ്ടാക്കുന്നുവല്ലോ; അവൻ അവർക്കു വയലിലെ ഏതു സസ്യത്തിനും വേണ്ടി മാരി ചെയ്യിച്ചുകൊടുക്കും. യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു; " യിസ്രായേൽ ഗൃഹം എന്നോടു അപേക്ഷിച്ചിട്ടു ഞാൻ ഒന്നു കൂടെ ചെയ്യും: ഞാൻ അവർക്കു ആളുകളെ ആട്ടിൻ കൂട്ടത്തെ പോലെ വർദ്ധിപ്പിച്ചുകൊടുക്കും" (യെഹെ. 36:37).

ദൈവത്തിന്റെ ദാസനായ ദാനിയേൽ യിരെമ്യാവ് പ്രവാചകന്റെ പ്രവചനം വായിക്കുവാൻ തുടങ്ങി. യെരുശലേമിന്റെ എഴുപത് വർഷത്തെ ശൂന്യാവസ്ഥയെക്കുറിച്ച്, അതിന് ശേഷം അവൻ ഒരിക്കലും വെറുതെ അല്ലായിരുന്നു സംസാരിച്ചത്, " നല്ലത് ഇവിടെ ഇതാ ദൈവം ചിലത് വാഗ്ദത്തം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് അതിൽ ഒന്നും തന്നേ മാറ്റി പ്രവർത്തിക്കുവാനില്ല - അത് തീർച്ചയായിട്ടും സംഭവിക്കുക തന്നേ ചെയ്യും ".

അല്ല! ദാനിയേൽ പറഞ്ഞു, " അപ്പോൾ ഞാൻ ഉപവസിച്ചും രട്ടുടുത്തും വെണ്ണീരിൽ ഇരുന്നും കൊണ്ടു പ്രാർത്ഥനയോടും യാചനകളോടും കൂടെ അപേക്ഷിക്കേണ്ടതിനു ദൈവമായ കർത്താവിങ്കലേയ്ക്കു മുഖം തിരിച്ചു. എന്റെ ദൈവമായ യഹോവയോടു ഞാൻ പ്രാർത്ഥിച്ചു പറഞ്ഞതെന്തന്നാൽ " തന്നെ സ്നേഹിക്കുന്നവർക്കും തന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കും നിയമവും ദയയും പരിപാലിക്കുന്നവനായി മഹാനും ഭയങ്കരനുമായ ദൈവമായ കർത്താവേ, ഞങ്ങൾ പാപം ചെയ്തു, വികടമായി നടന്നു, ദുഷ്ടത പ്രവർത്തിച്ചു. ഞങ്ങൾ മത്സരിച്ചു നിന്റെ കല്പനകളും വിധികളും വിട്ടുമാറിയിരിക്കുന്നു" (ദാനി. 9:3-5).

ഇവിടെ നാം കാണുന്നു ദൈവം, അവിടുത്തെ പരിശുദ്ധാത്മാവിനാൽ, അവിടുത്തെ, ജനത്തെ പ്രബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ വലിയ ആത്മ ഭാരത്തോടു കൂടി പ്രാർത്ഥിക്കുവാനും അവിടുത്തെ വാഗ്ദത്തങ്ങൾ ഒക്കെയും പൂർത്തീകരിക്കുന്നതിനു വേണ്ടിയും നാം കർത്താവിന്റെ കൂട്ടുവേലക്കാരാണ്. " വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷപാദം ചെയ്യുന്നു" (റോമ. 8:26).

ദൈവത്തിന്റെ ദാസൻ പ്രാർത്ഥിച്ചു, അവൻ ഉപവാസം എടുത്തു പ്രാർത്ഥിച്ചും, അവൻ തന്റെ മുഖത്തെ കർത്താവിങ്കലേയ്ക്കു നോക്കി!. നമുക്കും ഉപവസിക്കാം, കഴിയുമെങ്കിൽ, അതുപോലെ ഒക്കെയും പ്രാർത്ഥിക്കാം. "യഹോവ വന്നു നിങ്ങളുടെ മേൽ നീതി വർഷിപ്പിക്കേണ്ടതിനു അവനെ അന്വേഷിപ്പാനുള്ള കാലം ആകുന്നുവല്ലോ " (ഹോശേയാ. 10:12). "ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും" (യോവേൽ 2:28).

നാം തീർച്ചയായിട്ട് ഇന്ന് ദർശിക്കേണ്ടി ഇരിക്കുന്നത് നാം അധികം പ്രാർത്ഥനയെ

(ശേഷം 2-ാം പേജിൽ)

ക്കുറിച്ച് പ്രസംഗിക്കുന്നതിനെക്കാൾ അധികം പ്രായോഗിക രീതിയിൽ അതൊക്കെയും നടപ്പിൽ വരുത്തുവാൻ ശ്രദ്ധിക്കേണം. നാം വീണ്ടും ജനനം പ്രാപിച്ചവരും, കുഞ്ഞാടിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ചവരും, വിശ്വസിക്കുന്ന അവന്റെ മക്കളും അതുപോലെ തന്നേ അവിടുത്തെ സ്ഥാനാപതികളും ആയിരിക്കുമ്പോൾ (2കൊരി. 5:20), ക്രിസ്തുവിന്റെ ഈ ഭൂമിയിലെ പ്രതിനീധികളും ആണല്ലോ. ഞങ്ങൾ സഹപ്രവൃത്തിക്കാരായി (2കൊരി. 6:1 അതുപോലെ ഭൂമിയിൽ ഇവിടെ ദൈവത്തിന്റെ കൂടെ നാം പ്രവർത്തിക്കുകയാണ് അവിടുത്തെ സകല പദ്ധതികളും ഇവിടെ നിവൃത്തീകരിക്കേണ്ടതിനായിട്ടു.

അവിടുത്തെ ശരീരം ആകുന്ന സഭയുടെ തലയാണ് ക്രിസ്തു. അപ്പോൾ ശരീരം കൂടാതെ ഒരു തലയ്ക്കു എന്താണ് പ്രവർത്തിക്കുവാൻ സാധിക്കുന്നത് (എഫെ. 5:23, 24) (കൊലൊ. 1:12-18).

ചുരുക്കി പറഞ്ഞാൽ സാത്താൻ അവന്റെ ദോഷപ്രവർത്തികൾ ചെയ്യുന്നത് അവന്റെ മക്കളെ ഉപയോഗിച്ചാണ്. യേശുക്രിസ്തു പറഞ്ഞു, നിങ്ങളുടെ പിതാവിന്റെ പ്രവൃത്തികളെ നിങ്ങൾ ചെയ്യുന്നു. എന്നുപറഞ്ഞു. നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ, നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്വാനും ഇച്ഛിക്കുന്നു (യോഹ. 8:41, 44).

ദൈവത്തിന്റെ സകല പ്രവർത്തികളും ഈ ഭൂമിയിൽ നിവർത്തിക്കാതിരിക്കുവാനുള്ളത് അത് ചെയ്യേണ്ടതല്ലയോ അല്ലെങ്കിൽ ആകെയുള്ള ദൈവപ്രവൃത്തിയുടെ പകുതി മാത്രം ചെയാതൽ മതിയോ, അല്ലെങ്കിൽ വളരെ ശോചനീയമായ അവസ്ഥയിൽ ചെയ്തു തീർത്തിരിക്കുന്നു എന്തുകൊണ്ടെന്നാൽ ഞാനും നീയും വളരെ അലസരായിതീർന്നതിനാൽ, വളരെ ആയിട്ടുള്ള അവിശ്വാസം, വളരെ ഭീതിയുള്ളതിനാൽ, വളരെ കുറച്ച് പോരാടുന്നതിനാൽ പ്രാർത്ഥനയിലും അതുപോലെ വിജയം കൈവരിക്കുന്നതിലും, യേശുവിനെ പോലെ ആകുവാൻ വിജയം കൈവരിച്ചതുപോലെ (വെളി. 3:21). ദൈവം നിഷേധിച്ചതു. ദൈവത്തിന്റെ ഇഷ്ടങ്ങൾ സ്വർഗ്ഗത്തിലേതുപോലെ ഈ ഭൂമിയിൽ നിവൃത്തീകരിക്കപ്പെടേണ്ടതിനായിട്ടു നാം അതിന് സഹായകനും ആയിട്ട് പ്രവർത്തിക്കേണം (മത്താ. 6:10).

ദൈവമക്കളായ പടയാളികളെ ആളിക്കത്തിജ്വലിച്ചിരിക്കുന്ന ഹൃദയം കൊണ്ട് അരമുറുക്കിയും, ദീപത്തെ പ്രകാശിപ്പിച്ചുകൊണ്ട്, മുഖങ്ങളെ അവങ്കലേക്കു നോക്കികൊണ്ട് വിശ്വാസത്തിൽ ഉണർന്നു നിന്നുകൊണ്ടു നമുക്കു യേശുവിനെ നോക്കാം, ആടുകളുടെ വലിയ ഇടയനായ കർത്താവിനെ, നമുക്ക് വളരെ ശുഷ്കാന്തിയോടും ഉറച്ച തീരുമാനത്തോടെ ലോകത്തിലേയ്ക്കു ഒന്നു ഇറങ്ങി ചെല്ലാം. ഒരു ലോക ഉണർവ്വിനെ കൊണ്ട് അതേ ലോക സുവിശേഷീകരണത്തിനായിട്ട്.

അപ്പോൾ മുന്നോട്ടു തന്നേ പോകാം, യുദ്ധത്തിനായിട്ടു താങ്കളെ തന്നേ പൂർണ്ണമായിട്ടു ഏല്പിച്ചുകൊടുക്കുക ഒരു പൂർണ്ണവിജയം ക്രിസ്തുവിന്റെ നാമത്തിൽ സംഭവിക്കുവാൻ മറ്റുള്ള പ്രിയപ്പെട്ടവരേയും കൂടി താങ്കളുടെതായ പരിമിതമായ മേഖലകളിലേക്ക് ദൈവവചനം വളരെ വ്യക്തമായിട്ട് സംസാരിച്ചിരിക്കുന്നത് ശ്രദ്ധിക്കുക, " നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചു കൊൾവിൻ " (എബ്രാ. 3:13). നമുക്ക് തീർച്ചയായിട്ട് ഉണർവ്വ് ഉണ്ടായിരിക്കേണം.

" ദൈവം നമുക്കു അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആർ? " (റോമ. 8:31). "കെട്ടിനിന്നതും യഹോവയുടെ ശ്വാസം തള്ളിപായിക്കുന്നതുമായ ഒരു നദിപോലെ അവൻ വരും " (യെശ. 59:19).

❖

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി, നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിനു അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ " (റോമർ 12:1).

2023 ജനുവരി മാസ നമ്മെ വിട്ട് കടന്നു പോയി. ഫെബ്രുവരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. പ്രത്യാശയോടെ അവങ്കലേക്ക് നോക്കുന്ന ഓരോ ദൈവപൈതലിനെയും സർവ്വ ആശ്വാസത്തിന്റെയും ദൈവം ഒരിക്കലും തള്ളിക്കളയുന്നില്ല. പ്രതികൂലങ്ങളെയും സങ്കടങ്ങളെയും ഉറപ്പോടും ധൈര്യത്തോടും നേരിടാൻ കർത്താവ് നിങ്ങൾക്ക് കൃപതരും. കർത്താവിൽ സമ്പൂർണ്ണമായി ആശ്രയിക്കുക.

അതിശയവും അത്ഭുതകരവുമായ വഴികളിലൂടെ പ്രവർത്തിക്കുവാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. പ്രതികൂലങ്ങളേയും സങ്കടങ്ങളെയും ഉറപ്പോടും ധൈര്യത്തോടും കൂടെ നേരിടാൻ കർത്താവ് നിങ്ങൾക്ക് കൃപ നൽകും. യേശുവിനെ മുറുകെ പിടിച്ചുകൊൾക.

മാനുഷികമായി നമ്മുടെ മുമ്പിൽ ഒരു വഴിയും കാണാതെയിരിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനകൽക്കും യാചനകൾക്കും ഉത്തരം ലഭിക്കില്ല എന്നു തോന്നുന്ന നിമിഷത്തിൽ പോലും ദൈവത്തിൽ നമുക്ക് നന്ദിയുള്ളവരായിരിക്കാൻ കഴിഞ്ഞാൽ കർത്താവിൽ പൂർണ്ണമായും സന്തോഷം കണ്ടെത്താൻ സാധിക്കും.

ഈ അവസാന നാളുകലിൽ ദൈവസന്നിധിയിൽ താഴ്മയോടെ നടന്ന് വിശുദ്ധ ജീവിതം നയിച്ച് നമ്മുടെ കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ എടുക്കപ്പെടാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No.** 67342839891 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:8589901702, 8075696168

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,8075696168
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

## പ്രാർത്ഥനയുടെ സമൃദ്ധമായ വേലിയേറ്റം

By George D.Watson

സകല മഹത്വകരമായ കാലഘട്ടങ്ങളിലും സംഭവിക്കപ്പെട്ട ദൈവീക പ്രവൃത്തികളും അതുപോലെ അതിന്റെ പ്രദർശനത്തിനും ഈ ലോകത്തിൽ നടന്നതിന്റെ പുറകിൽ വളരെ ശക്തമായ പ്രാർത്ഥനയുടെ പിന്തുണ ഉണ്ടായിരുന്നു. ഇത് കാണിക്കുന്നത് നമ്മുടെ കർത്താവിന്റെ വരവിന് മുമ്പെ തന്നേ സ്വർഗ്ഗത്തിലേയും ഭൂമിയിലേയും വിശുദ്ധന്മാരും ഒരുപോലെ വളരെ അഭിനിവേശത്തോടുകൂടി മദ്ധ്യസ്ഥത വഹിക്കുകയും ക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കായിട്ടു വളരെ ആഗ്രഹിക്കുകയും ചെയ്തിരുന്നു എന്നു ള്ള പരമ സത്യം ആണ്.

സകല കഴിഞ്ഞുപോയ കാലഘട്ടങ്ങളിലും, എപ്പോഴെക്കെയും ദൈവം അവിടുത്തെ വിശുദ്ധ സിംഹാസനത്തിൽ നിന്നു അവന്റെ കരങ്ങളാലുള്ള ന്യായവിധിക്കായിട്ട് പുറപ്പെട്ടുവന്നപ്പോഴും അല്ലെങ്കിൽ അവിടുത്തെ മഹത്വവും അതുപോലെ അവിടുത്തെ സാന്നിദ്ധ്യത്തെയും വെളിപ്പെടുമ്പോഴും, പരിശുദ്ധാത്മാവ് ആതിശക്തമായിട്ടു അധിധേയത്വം വഹിക്കുകയും അപ്രകാരം ഉള്ള പ്രവർത്തികൾ ദൈവഹിതത്തിൽ നടത്തപ്പെടുകയും ചെയ്തത് ശക്തമായ പ്രാർത്ഥനയുടെ ആത്മഭാരത്താലാണ്.

ഇങ്ങനെയുള്ള എല്ലാ ഉദാഹരണങ്ങളും സൂചിപ്പിക്കുന്നത് അത് അതിശക്തമായ സകലത്തേയും തകർക്കുന്നത് പ്രാർത്ഥനകളാൽ ദൈവത്തിന്റെ വിശുദ്ധന്മാരെ ഒരുക്കിയെടുക്കുകയാണ്. ഒരുപോലെ സ്വർഗ്ഗത്തിലും അതുപോലെ ഭൂമിയിലും നടന്നുകൊണ്ടിരിക്കുകയാണ് നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവിന് മുമ്പെ.

യോഹന്നാൻ അപ്പോസ്തലൻ പറയുന്നതു കേൾക്കുക സ്വർഗ്ഗത്തിലുള്ള വിശുദ്ധന്മാരുടെ ആത്മാക്കളെ അവൻ കണ്ടു എന്നും അതുപോലെ അവർ പ്രാർത്ഥിക്കുന്നതു കേട്ടും എന്നും അവരുടെ ഭാരത്തോടുകൂടിയ പ്രാർത്ഥന നീ എത്രത്തോളം (വെളി. 6:10) എന്നുള്ളതായിരുന്നു.

കർത്താവിന്റെ പ്രാർത്ഥനയിലൂടെ അപേക്ഷിച്ചതും, നിന്റെ രാജ്യം വരേണമേ എന്നതും അതുപോലെ അത് കേന്ദ്രീകരിച്ചിരിക്കുന്നതും ഭൂമിയിലുള്ള വിശുദ്ധന്മാർ പത്ത് മടങ്ങ് വളരെ നിശിതമായി തീരേണം എന്നുള്ളതും ആണ് (മത്താ. 6:10).

പരിശുദ്ധാത്മാവ് ഏകകാലികമായ പ്രാർത്ഥനയുടെ ഒരു തിരമാലയെ സകല ഭക്തിയോടും കൂടെ ജീവിക്കുന്ന ലോകത്തിലെ വിശുദ്ധന്മാരുടെമേൽ അയയ്ക്കുകതന്നേ ചെയ്യും. അവിടെ വളരെ രഹസ്യമായിട്ടുള്ള അവരുടെ ആഗ്രഹങ്ങളും അതുപോലെ ഹൃദയവേദനയും വളരെ മധുരമായ ഒരു പ്രതീക്ഷയുടെ മുഖപ്രദർശനവും ഉണ്ടായിക്കൊണ്ടിരിക്കുകയാണ് വിശുദ്ധിയോടു ജീവിക്കുന്ന സകല വിശുദ്ധന്മാരു ടെ മനസ്സുകളിലും, ഹന്ന എന്ന പ്രവാചകിയും ശിമോനും അതുപോലുള്ള തീവ്രമായ വലിയ ആഗ്രഹം ഉണ്ടായിരുന്നവരായിരുന്നു ശ്രേഷ്ഠനായ ലോകരക്ഷകനായ ആ നവജാത ശിശുവിന്റെ ജന്മം കാണുവാൻ ആയിട്ടു (ലൂക്കോ. 2:25-35).

❖

## പെന്തെക്കോസ്തിനെക്കാൾ ശക്തമായ ഒരു ഉണർവ്വ് നമുക്ക് ഉണ്ടാക്കാൻ കഴിയും

By Hyman.J.Appelman

സകലതും തുടച്ചുവൃത്തിയാക്കുന്ന ഒരു മതപരമായ ഉണർവ്വിനെ ദൈവം അമേരിക്കയിലേക്കു കൊണ്ടുവരികയും നമ്മുടെ രാജ്യം രക്ഷ പ്രാപിക്കുകയും ചെയ്യും. ഇന്ന് നമുക്ക് ആവശ്യമായിരിക്കുന്നത് തികച്ചും മതപരമായ ഉണർവ്വും അത് സകലവിധമായ കയ്പുകളേയും പരിശോധിച്ച് പുറത്തുകൊണ്ടുവരികയും അതുപോലെ പൈശാചികമായതും, നരകത്തിന്റെ പ്രിയപുത്രനായ പാപത്തിന്റെ തിന്മയേയും എന്നാൽ എപ്രകാരം ആയിരിക്കാം ഒരു മതപരായ ഉണർവ്വിനെ സൃഷ്ടിച്ചെടുക്കുവാൻ സാധിക്കുന്നത്?

ശമുവേൽ പ്രവാചകന്റെ കാലഘട്ടത്തിൽ സംഭവിക്കപ്പെട്ടതുപോലെ, എസ്രാ ശാസ്ത്രീയുടെ കാലഘട്ടത്തിലേതുപോലെ ഏലിയാവ് പ്രവാചകന്റെ കാലത്തിലേതുപോലെ, നവോത്ഥാന മനുഷ്യനായ ലൂഥറിന്റെ സമയത്തേതുപോലെ, ക്നോക്സിന്റെ കാലത്തിലേതുപോലെ, വെസ്ലിയുടെ കാലത്തിലേതും പോലെ, മൂഡിയുടെ സമയത്തേതും പോലെ, അവിടെ അതുപോലെ പൊതുവായത് ഒന്ന് സകല അറിയപ്പെടുന്ന പാപത്തെക്കുറിച്ചു ആത്മാർത്ഥതയോടുകൂടിയ ഒരു പരിത്യാഗം.

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |
| **സ്നാനം ഏൽക്കുക** | *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)* |

(3-ാംപേജിന്റെ തുടർച്ച)

**പെന്തെക്കോസ്തിനെക്കാൾ ശക്തമായ ഒരു ഉണർവ്വ് നമുക്ക് ഉണ്ടാക്കാൻ കഴിയും**

ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വളരെ ശക്തമായ ഉണർവ്വുകൾ അതെല്ലാം തന്നേ വലിയ മാനസാന്തരത്തിന്റെയും അതുപോലെ പശ്ചാത്താപത്തിന്റെയും ഒരു പരിണിതഫലമാണ്, അല്ലാതൊന്നുമല്ല. ദൈവത്തിന്റെ ഭവനത്തിൽ തന്നേ ന്യായവിധി സംഭവിക്കുന്നു - അത് എന്നോടും നിങ്ങളോടും ഉള്ള ബന്ധത്തിലാണ്, അതുപോലെ നമ്മുടെ കൂടയുള്ള പ്രിയപ്പെട്ട ദൈവമക്കളോടും ഉള്ള ബന്ധത്തിലും ദൈവത്തിന്റെ മക്കളായ നാം ശരിയാകാത്തിടത്തോളം കാലം എങ്ങനെയാണ് നമുക്ക് പ്രതീക്ഷിക്കുവാൻ സാധിക്കുന്നത് ഇതുവരെയും രക്ഷിക്കപ്പെട്ടിട്ടില്ലാത്ത പാപികളായവർ ദൈവസന്നിധിയിലേക്കു ശരിയായിട്ട് വരേണം എന്നുള്ള കാര്യം? ദൈവീക സാന്നിദ്ധ്യം നമ്മുടെ ഹൃദയത്തിലേക്കു ഒന്നു കടന്നു വന്ന് നിറയപ്പെടണമെങ്കിൽ നാം നമ്മുടെ ഹൃദയത്തെ ശൂന്യമാക്കി തീർത്തെങ്കിലേ സാധിക്കുകയുള്ളൂ. "ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിക്കുവാൻ സമയമായല്ലോ. അതു നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും? " (1പത്രൊ. 4:17).

**മദ്ധ്യസ്ഥത പ്രാർത്ഥനയിലെ കണ്ണുനീരിന്റെ സമുദ്രം**

ചെങ്കടൽ ദർശിച്ചപ്പോൾ ദൈവദാസനായ മോശെ പ്രാർത്ഥിച്ചതുപോലെ, യെരിഹോ മതിലിന്റെ മുമ്പെ നിന്നു ദൈവഭക്തനായ യോശുവ പ്രാർത്ഥിച്ചതുപോലെ, കർമ്മേൽ മലയിൽ നിന്നുകൊണ്ട് ദൈവദാസൻ ഏലിയാവ് പ്രാർത്ഥിച്ചതുപോലെ, ഗെത്ശമേനയിൽ ഇരുന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തു പ്രാർത്ഥിച്ചതുപോലെ ഫിലിപ്യ പട്ടണത്തിന്റെ രക്ഷയ്ക്കായിട്ടു പൗലൊസും, ശീലാസും ഒരുമിച്ച് ചേരുന്ന അവരുടെ ശബ്ദം ഉയർത്തി നിലവിളിച്ച് പ്രാർത്ഥിച്ചതുപോലെ നാമും, കൂടി, കൃപയുടെ അൾത്താരയിലേക്കു ചെന്ന് ശബ്ദം ഉയർത്തി കാഹളം ഊതി വേദനയോടും ആത്മനൊമ്പരത്തോടും കൂടി മദ്ധ്യസ്ഥതയ്ക്കായി തയ്യാറാകുന്നുവെങ്കിൽ അത് തീർച്ചയായിട്ടും നമ്മുടെ ദൈവമായ കർത്താവിനെ വളരെ ഭയങ്കരമായ പ്രവൃത്തികളിൽ ചെയ്‌വാൻ നിർബന്ധിതനാകുകയും നമുക്ക് പകരമായിട്ട് അവിടുത്തെ ശക്തിയേറിയ പ്രവൃത്തികൾ ചെയ്യുകയും ചെയ്യും.

ഓ, സഹോദരന്മാരേ, ഓ സഹോദരിമാരേ! നാം തീർച്ചയായിട്ടും പ്രാർത്ഥിക്കേണം! നാം തനിയെ ഇരുന്ന് പ്രാർത്ഥിക്കേണം; സംഘം ചേർന്ന് നാം പ്രാർത്ഥിക്കേണം; പ്രാർത്ഥനാ കൂടി വരുവകളിലേയ്ക്കു നാം എത്തിച്ചേരണം; നമുക്ക് വളരെ പ്രീയപ്പെട്ടവർക്കായിട്ട് രഹസ്യമായിട്ട് നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. നാം നമുക്കു വേണ്ടിയും പ്രാർത്ഥിക്കേണം. പരസ്പരം ഓർത്ത് വലിയ ആത്മനൊമ്പരത്തോടുകൂടി നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. എല്ലാ ക്രിസ്തീയ നേതാക്കന്മാരേയും പ്രവർത്തകരേയും ഓർ ത്ത് നാം പ്രാർത്ഥിക്കേണം. "സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനാ യി ജാഗരിച്ചും കൊണ്ടു സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ" (എഫെ. 6:18).

ഒരു സമൂഹത്തിന് ചെയ്‌വാൻ കഴിയുന്നത്; "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തി നും സൗഖ്യം വരുത്തി കൊടുക്കും" (2ദിന. 7:14).

ദൈവമക്കൾ ചെയ്യേണ്ടതു " ഭൂമിയിൽ വെച്ചു നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നു അവർ ക്കു ലഭിക്കും" (മത്താ. 18:19).

ദൈവത്തിന്റെ വിശുദ്ധർ കൃപാസനത്തോളം കടന്ന് വന്ന് പ്രാർത്ഥനയിൽ കൂടി വിജയം ഉയർത്തികാണിക്കുന്നു. " നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു " (യാക്കോബ് 5:16).

എന്നാൽ, ഓ നമ്മുടെ പാപങ്ങളെല്ലാം ഉപേക്ഷിച്ചു മാനസാന്തരപ്പെട്ട് നാം ഒരുമിച്ച് ദൈവത്തിന്റെ സന്നിധിയിലേക്ക് വരുന്നതിനേക്കാൾ ശ്രേഷ്ഠകരമായിട്ട് നമുക്ക് എന്താണ് പ്രവർത്തിക്കുവാൻ സാധിക്കുന്നത്, കർത്താവിങ്കലേയ്ക്കു നമുക്ക് ഒന്നുകൂടി വീണ്ടും സമർപ്പിച്ച് കൊടുക്കാം, അതുപോലെ വീണ്ടും നമ്മുടെ കർത്താവുമായിട്ടുള്ള പ്രാർത്ഥന നമ്മുടെ ഉടമ്പടി ഒന്നുകൂടി പുതുക്കാം. അതുപോ ലെ പരസ്പരം ഞാൻ താങ്കളോടു പറയട്ടെ, തീർച്ചയായിട്ടും നമുക്ക് ഒരു പുതിയ ഉണർവ്വ് സൃഷ്ടിച്ചെടുക്കാം, അതേ പെന്തെക്കോസ്തുദിനത്തേക്കാൾ ശ്രേഷ്ഠമായ ഒന്നിനെ! കർത്താവായ ദൈവം നമ്മുടെ മാനസാന്തരത്തിൽ കൂടി കൃപയെ ധാരാളമായിട്ട് നല്കിയിരിക്കുകയാണ്, സമർപ്പണത്തിൽ കൂടി, അപേക്ഷയിലും യാചനയിൽ കൂടിയും - അതേ ആ പെന്തെക്കോസ്തു ഇന്ന് നമ്മുടെ ഈ ജീവിത നാളുകളിൽ, അതുപോലെ നമ്മുടെ ഈ കാലഘട്ടത്തിൽ ഒന്നു കൂടി ഒന്നു ആവർത്തിക്കപ്പെടട്ടെ, നമ്മുടെ കർത്താവായ യേശുവിന്റെ വിലയേറിയ നാമത്തിൽ.

❖

# ഒരു വിത്ത്

ഏതാണ്ട് ക്രിസ്തു വർഷം 1921-ൽ ഒരു സുവിശേഷ ദൗത്യ നിർവ്വഹണം നടത്തുന്ന ഒരു ദമ്പതികൾ അരുടെ പേരുകൾ യഥാക്രമം ഡേവിഡു എന്നും സ്വീവാഫ്ലഡും എന്നും ആണ്. അങ്ങനെ അവർ അവരുടെ രണ്ട് വയസ്സു മാത്രമുള്ള ആൺ കുട്ടിയും ആയിട്ടും സ്വീഡനിൽ നിന്നു ആഫ്രിക്കയുടെ ഹൃദയഭാഗമായ അന്ന് എന്താണോ അതിനെ വിളിക്കപ്പെട്ടിരുന്നത് ബെൽജിയൻ കോൺഗോ എന്ന സ്ഥലത്തേയ്ക്കു യാത്ര ചെയ്തു എത്തിച്ചേർന്നു. അവിടെ അവനെപ്പോലുള്ള വേറൊരു ദമ്പതികളെയും കണ്ടു. അവരാണെങ്കിൽ ചെറുപ്പക്കാരായ സ്കാൻഡിനേവിയൻ ദമ്പതിമാരായിരുന്നു, എറിക്സൺസും അതുപോലെ ബാക്കിയുള്ള നാലു പേരും കൂടി ദൈവീക നിർദ്ദേശത്തിനായിട്ടു ആഗ്രഹിച്ച് കർത്താവിന്റെ സന്നിധിയിൽ ഇരുന്നു പ്രാർത്ഥിച്ചു. ആ ദിവസങ്ങളിൽ ആകട്ടെ അതിഭയങ്കരമായ അനുതാപത്തോടെയും മൃദുലഹൃദയത്തോടെയും അതുപോലെ വളരെയധികം ഭക്തിയോടുകൂടിയ സമർപ്പണത്തോടെയും ആണ് അവർ ആയിരുന്നത്, അന്നേരം അവർക്ക് അനുഭവപ്പെട്ടത് പ്രധാന മിഷൻ സ്റ്റേഷനിൽ നിന്നു വളരെ വിദൂര സ്ഥലത്തേയ്ക്കാണ് സുവിശേ, ദൗത്യ നിർവ്വഹണം നടത്തേണം എന്നുള്ള ദൈവാലോചനയാണ് ലഭിച്ചത്.

വാസ്തവത്തിൽ പറയുകയാണെങ്കിൽ ഇത് വിശ്വാസത്തിന്റെ തന്നേ ഒരു വലിയ പ്രാരംഭ പ്രവൃത്തിയായിരുന്നു. എൻ.ഡൊലീറ എന്ന ഗ്രാമപ്രദേശത്തേയ്ക്കാണ് അവരുടെ പ്രധാന നേതാവ്. അവരുടെ അപേക്ഷ തിരസ്ക്കരിച്ചു കൊണ്ട് പറഞ്ഞ് അയച്ചത്. ആ പ്രാദേശിക സ്ഥലത്തുള്ള ആരാധന മൂർത്തികളെ പേടിച്ചും അവർക്ക് ആ പ്രദേശം പുതിയതാകകൊണ്ടും അവർക്ക് സംഭവിച്ചേയ്ക്കാവുന്ന

(ശേഷം 5-ാം പേജിൽ)

## ഒരു ഉണർവ്വിലേക്ക് കേന്ദ്രീകരിക്കാം

By Lois J Stucky

ആരൊക്കെയും ചിലർ ഇത് വായിക്കുമ്പോൾ ചിന്തിച്ചേയ്ക്കും താങ്കളുടെ പ്രാദേശിക സഭയിൽ താങ്കൾ തനിയെ ആയിരിക്കാം ഒരു ഉണർവ്വിനായിട്ട് പ്രാർത്ഥിക്കുന്ന വ്യക്തി എന്ന് അല്ലെങ്കിൽ അവിടെ ഒരു വ്യക്തിയോ, അല്ലെങ്കിൽ രണ്ട് വ്യക്തിയോ കൂടുതലായിട്ട് ഉണ്ടായിരിക്കാം. ഈ ഒരു ആത്മഭാരവും അതുപോലെ തന്നേ ദർശനത്തോടു കൂടിയവർ. സഹോദരൻ എംസിലിയോഡ് ഉണർവ്വിനായിട്ട് നമ്മുടെ കർത്താവായ ദൈവം വളരെ ശക്തമായിട്ടു ഉപയോഗിച്ചു ഉണർവ്വിന്റെ പ്രവർ ത്തികൾ അവിടെ വളരെ വ്യാപകമായ നിലയിൽ സംഭവിക്കപ്പെടുവാൻ, പറഞ്ഞേയ്ക്കാം, നീ ഇപ്പോൾ ശരിയായ ട്രാക്കിലാണ് സഞ്ചരിച്ച് കൊണ്ടിരിക്കുന്നത്; അവിടെ തന്നേ തുടരുക! മറ്റുള്ളവരുടെയും താല്പര്യങ്ങൾ അന്വേഷിക്കുക. പൊതുവിലേയ്ക്കു ഒന്നു ഇറങ്ങുവാൻ തയാറാകുക. നാം ഒരിക്കലും അറിയുന്നില്ല എത്രമാത്രം അടുത്ത് എത്തിയിരിക്കുകയാണ്. ശക്തമായ ഉണർവ്വ് എന്നുള്ള വസ്തുത. നമ്മൾ അറിയുന്നില്ല. നമ്മുടെ കർത്താവായ ദൈവം സകലവിധമായ ഒരുക്കങ്ങളും ക്രമീകരിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള കാര്യവും അത് നാം കാണുവാൻ കഴിവില്ലാത്തവരായിട്ടാണ് ഇരിക്കുന്നത് എന്ന്.

“ .......നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമ ദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേക്കു വരും;..... ” (മലാഖി 3:1). ആരാണ് അറിയുന്നത് എപ്പോഴാണ്, എന്താണ് ആരംഭിക്കുന്നത് ഒരു സാധാരണ ദിവസത്തെ അതിനെ ഒരു അസാധാരണ ദിവസം ആക്കി മാറ്റി എടുക്കുകയാണ്. ദൈവം അതിനെ മുഴുവനായിട്ട് ഒന്ന് ഉടച്ച് പണിയുമ്പോൾ എന്നുള്ള വസ്തുത? അതുകൊണ്ട് വിശ്വസ്തരായി തീരാം.

അനുസരണയുള്ളവരായിട്ട് തീരാം. അനുസരണത്തിന്റെ ചെറിയ ഒരു പ്രവർത്തിക്കു പോലും അതിനെ മാറ്റിക്കുറിക്കുവാൻ സാധിക്കും. അനുഗ്രഹത്തിന്റെ ആ വലിയ ഭണ്ഡാരമുറിയുടെ വാതിലിനെ നമ്മുടെ മുമ്പിൽ തുറക്കുന്നതിനായിട്ട്. നമ്മുടെ കർത്താവായ ദൈവം നമ്മെ തീർച്ചയായിട്ടും സഹായിക്കും. അതായത് ചെറിയ കാര്യം എന്നു നാം ചിന്തിച്ചേയ്ക്കാവുന്നതിനെ പോലും അത് നമുക്ക് അനുഗ്രഹകരമായി തീരുന്നതിനായിട്ട് കാരണം നാം അല്പത്തിൽ വിശ്വസ്തരായിരിക്കേണം എന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. സഹോദരൻ മൂറിന്റെ മനസ്സിൽ ഇങ്ങനെയുള്ള ഒരു ചിന്തയായിരിക്കാം ഉണ്ടായിരുന്നത്, ഞങ്ങളോട് അദ്ദേഹം പറഞ്ഞ സമയത്തു അതു പോലെ പിന്നീടും, വളരെ ചെറിയ സംഗതികൾ ദൈവം താങ്കളിൽ കൂടി കാണുവാൻ ആഗ്രഹിക്കുന്നത് അത് നന്നായിട്ട് ശ്രദ്ധയോട് കൈകാര്യം ചെയ്യുക ലോകത്തിലെ മറ്റുള്ള ഏതു കാര്യത്തെക്കാളും എന്നാണ്”. നാം “ ശ്രദ്ധയോടെ കേൾക്കുന്നവരാകുക ” പരിശുദ്ധാത്മാവിന്റെ വളരെ സൗമ്യമായ ശബ്ദത്തെ നമ്മെ ഒരു വലിയ ഉണർവ്വിലേയ്ക്കു നടത്തുന്നതിനായിട്ട്.

നാം തീർച്ചയായിട്ടും നമ്മുടെ ശ്രദ്ധയെ കേന്ദ്രീകരിക്കേണം. നമ്മോടുള്ള കർത്താവിന്റെ വാഗ്ദത്തങ്ങളിൽ എത്രയോ പ്രത്യാശ നിറയപ്പെട്ടതും അതുപോലെ എത്രയോ വിശ്വാസ നിർമ്മിതിയാണ് ദൈവത്തിന്റെ വചനം! നാം സേവിക്കുന്ന നമ്മുടെ ദൈവം അവിടുന്ന് വിശ്വസ്തനാണ്! അതുപോലെ, ദൈവം അവിടുത്തെ ഉടമ്പടിയോടുള്ള ബന്ധത്തിലും വളരെ വിശ്വസ്തനാണ് എന്ന് 2 ദിനവൃത്താന്തം 7:14-ൽ അരുളിച്ചെയ്തിരിക്കുന്നതുപോലെ എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന “എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം വരുത്തികൊടുക്കും ” എന്നിരുന്നാലും, ദൈവം പറയുകയാണ്, “ എങ്കിൽ....... ” നാം ശ്രദ്ധവെച്ച് കേൾക്കുന്നുവെങ്കിൽ, അ വിടെ സൗഖ്യം സംഭവിക്കും. പാപത്തെ തീർച്ചയായിട്ടും ദൂരെ എറിഞ്ഞുകളയണം. നമ്മുടെ കർത്താവായ ദൈവം നമ്മോടു ക്ഷമിക്കുകയും അതുപോലെ വള രെ ശക്തമായ ഒരു ഉണർവ്വിനെ നല്കി തരുകയും ചെയ്യും. ആദ്യം സ്നേഹിക്കാം അത് ആവശ്യം ആയിരിക്കുന്നിടത്ത്!

❖

(4-ാം പേജിന്റെ തുടർച്ച)

## ഒരു വിത്ത്

യാതൊരു വിസ്മയ ഭയത്തോടു കൂടിയും അവർ തന്റെ അടുത്ത് വന്ന് ശല്യപ്പെടുത്തുവാൻ അനുവദിച്ചിരുന്നില്ല. അങ്ങനെ ആ രണ്ടു ചെറുപ്പക്കാരായ ദമ്പതികളും ഏകദേശം അര മൈൽ ദൂരം യാത്ര ചെയ്ത് അവരുടെ താമസത്തിനായിട്ട് മണ്ണ് കൊണ്ടുള്ള ചെറിയ കുടിലുകൾ ഉണ്ടാക്കി അതിൽ അവർ താമസം തുടങ്ങി.

അവർ അവിടെ ഇരുന്ന് പ്രാർത്ഥിക്കുവാൻ തുടങ്ങി. ഒരു ആത്മീകമായ മുന്നേറ്റത്തിനായിട്ട്, എന്നാൽ അവിടെ അങ്ങനെയുള്ള ഒന്നും സംഭവിച്ചില്ല. ആ ഗ്രാമ പ്രദേശത്തുള്ള ഒരു ചെറിയ ആൺകുട്ടിയും ആയിട്ട് മാത്രം ബന്ധം സ്ഥാപിക്കുവാനേ അവർക്ക് കഴിഞ്ഞുള്ളൂ. അവനാണ് ആഴ്ചയിൽ രണ്ട് തവണ കോഴിയും അതുപോലെ മുട്ടയും വിൽക്കുവാനായിട്ട് അവരുടെ അടുക്കലേയ്ക്ക് വന്നിരുന്നത്. നാല് അടി 8 ഇഞ്ച് മാത്രം നീളം ഉള്ള സിവാഫ്ളഡ് എന്ന ആ ചെറുപ്പക്കാരി തീരുമാനിച്ചു. ഈ ഒരു ആഫ്രിക്കൻ മാത്രമേ ഞങ്ങൾക്ക് ലഭിച്ചുള്ളൂ അതിനാൽ ഇവനോട് തന്നേ സുവിശേഷം നിർബന്ധം ആയിട്ട് പറയേണം എന്ന്, ആ ചെറിയ ആൺകുട്ടിയെ അവൾ യേശുവിങ്കലേയ്ക്കു നടത്തി. തീർച്ചയായിട്ടും അവൾ ആ ദൗത്യവിർവ്വഹണത്തിൽ വിജയിക്കുക തന്നേ ചെയ്തു.

എന്നിരുന്നാലും അവിടെ യാതൊരു വിധമായ വേറെ ഒരു പുരോഗതിയും സംഭവിച്ചില്ല. ഇതിന്റെ ഇടയിൽ മലേറിയ എന്ന സാംക്രമിക രോഗം ഓരോരുത്തരേയും ആയിട്ട് ബാധിക്കുകയും അവർ വളരെ കഷ്ടപ്പെടുകയും ചെയ്തു. ഈ സമയത്ത് എറിക്സൺ ഇങ്ങനെ തീരുമാനിച്ചു. എന്നിരുന്നാലും അവർക്ക് ആവശ്യത്തിനുള്ള കഷ്ടപാടുകൾ ഉണ്ട്. ആയതിനാൽ അവർ പ്രധാന മിഷ്യൻ സ്റ്റേഷനിലേക്കു തിരികെ പോകട്ടെ. എന്നു. എന്നാൽ ഡേവിഡും തന്റെ കുടുംബവും എൻ.ഡൊലീറയ്ക്ക് സമീപത്ത് ആയിട്ടു തുടർന്നു ഒറ്റയ്ക്ക് പ്രവർത്തിച്ചുകൊണ്ടിരുന്നു.

അങ്ങനെ ഇരുന്ന സമയത്ത് ഡേവിഡിന്റെ സഹധർമ്മിണിയായ സിവാഫ്ളഡ് ഗർഭിണിയാണെന്ന് മനസ്സിലാക്കി ആ വിദൂരമായ മരുപ്രദേശത്ത്. അവളുടെ പ്രസവ സമയം അടുത്ത് വന്നു കഴിഞ്ഞപ്പോൾ, ആ ഗ്രാമത്തലവൻ വളരെ അവളോടു ദയവു കാട്ടി. ഒരു സൂതികർമ്മിണിയെ അവളുടെ സഹായത്തിനായിട്ട് നിയോഗിച്ചു. അങ്ങനെ അവൾക്ക് വളരെ സുന്ദരിയായ ഒരു വെളുത്ത പെൺകുട്ടിയെ ദൈവം നല്കി. ആ ചെറിയ പെൺകു

(ശേഷം 6-ാം പേജിൽ)

(5-ാം പേജിന്റെ തുടർച്ച)

## ഒരു വിത്ത്

ഞ്ഞിനെ അലിനാ എന്ന് പേരിട്ടു. അവർ വിളിച്ചു തുടങ്ങി.

അവളെ സംബന്ധിച്ചിടത്തോളം പ്രസവം വളരെ പ്രതിസന്ധിയെകൊണ്ടു വന്നു, ശാരീരികമായിട്ടു വളരെ ക്ഷീണിതയാകുകയും മലേറിയ രോഗം അവളെ അസഹ്യപ്പെടുത്തുകയും ചെയ്തു. പ്രസവസമയത്ത് അവളുടെ ശരീരത്തിന്റെ സകല ഊർജ്ജവും നഷ്ടപ്പെടുത്തി. പതിനേഴു ദിവസങ്ങൾ മാത്രമേ അവൾക്ക് ജീവിക്കുവാൻ സാധിച്ചുള്ളു.

ഡേവിഡിന്റെ മനസ്സ് ആകെപ്പാടെ ഒരു വല്ലാത്ത വിഷമത്തിലായി, എന്തോ ആ നിമിഷത്തിൽ സംഭവിക്കപ്പെട്ടതു പോലെ തോന്നി. അവൻ അവന്റെ പ്രിയതമയ്ക്കായിട്ട് ഒരു നല്ല കുഴി കുഴിച്ച് ശവകുടീരം സൃഷ്ടിച്ചു. അങ്ങനെ കേവലം ഇരുപത്തേഴ് വയസ്സു മാത്രം പ്രായമുള്ള തന്റെ പ്രീയതമയെ അവന് ആ ശവകുടീരത്തിൽ അടക്കം ചെയ്തു, അതിനുശേഷം അവൻ തന്റെ കുട്ടിയെയും കൊണ്ട് ആ മിഷ്യൻ സ്റ്റേഷനിലേക്ക് മടങ്ങിപ്പോയി. എറിക് സൺസിന്റെ അടുത്ത് തന്റെ നവജാതശിശുവിനെ ഏല്പിച്ചപ്പോൾ, അവൻ ആകെപ്പാടെ ഒരു മാതിരി ചീറി സംസാരിക്കുവാൻ തുടങ്ങി, ഞാൻ സ്വീഡനിലേയ്ക്കു മടങ്ങിപോകുകയാണ്. എനിക്ക് എന്റെ ഭാര്യയെ നഷ്ടപ്പെട്ടു, തന്നേയുമല്ല, ഇത് സ്പഷ്ടമായിരിക്കുകയാണ്. എനിക്ക് സാധ്യമല്ല ഈ നവജാതശിശുവിന്റെ കാര്യം നോക്കുക എന്നുള്ളത്. ദൈവം ആണെങ്കിൽ എന്റെ ജീവിതം ആകപ്പാടെ തകർത്തു കളഞ്ഞിരിക്കുകയാണ്. അതുമായിട്ട് താൻ അവിടുന്ന് അസ്വസ്തതയോടുകൂടി തുറമുഖത്തേയ്ക്കു യാത്രചെയ്തു കടന്നു പോയി. തന്റേതായ വിളിയെ മാത്രം തിരസ്ക്കരിച്ചു കൊണ്ടുള്ള ഒരു മടങ്ങിപ്പോകൽ അല്ലായിരുന്നു അത്. പ്രത്യുത തന്റെ ദൈവമായ കർത്താവിനെയും താൻ മറന്നുപോയി.

ഏകദേശം എട്ട് മാസത്തിനുള്ളിൽ തന്നെ എറിക്സൺ ഒരു പ്രത്യേക തരത്തിലുള്ള വ്യാധിയാൽ ക്ലേശിക്കപ്പെടുകയും ചുരുങ്ങിയ ദിവസത്തിനുള്ളിൽ തന്നേ മരിക്കുകയും ചെ യ്തു. ആ സമയത്ത് ആ നവജാതശിശുവിനെ വേറൊരു അമേരിക്കൻ മിഷനറി ദമ്പതിമാർ സ്വമനസ്സോടെ സ്വീകരിക്കുവാൻ താല്പര്യപ്പെടുകയും അ ങ്ങനെ ആ കുഞ്ഞ് അവരുടെ കരങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ദൈവകൃപയാൽ, അവർ ഒരു തരത്തിലുള്ള അഡ്ജസ്റ്റുമെന്റിൽ അവളുടെ സ്വീഡീഷ് പേരിനെ ആഗി എന്നു പുനർ നാമകരണം ചെയ്തു വിളിക്കുവാൻ തുടങ്ങി, അങ്ങനെ അവസാനത്തിൽ ഈ ചെറിയ പെൺകുട്ടിയെ അമേരിക്കയിലേയ്ക്കു കൊണ്ടുവരികയും അവൾ അങ്ങനെ ആ രാജ്യത്തിൽ വളരുവാനും തുടങ്ങി തന്റെ മൂന്നാമത്തെ വയസ്സിൽ.

ഈ കുടുംബം ആ സുന്ദരിയായ ചെറിയ പെൺകുട്ടിയെ വളരെയധികം സ്നേഹിച്ച് അവരുടെ സ്വന്തം കുഞ്ഞായിട്ട് അവളെ വളർത്തി. എന്നിരുന്നാലും ഈ കുട്ടിയുടെ കാര്യത്തിൽ അല്പമല്ലാത്ത പ്രശ്നത്താൽ ഭാരപ്പെട്ടു. കാരണം അവർ ആഫ്രിക്കയിലേക്ക് മടങ്ങിപോകുവാൻ അവർ പരിശ്രമിക്കുമെങ്കിൽ ചില നിയമപരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നതിനാൽ അവളെ അവരിൽ നിന്ന് മാറ്റേണ്ടതായിട്ടു വന്നു. ആയതിനാൽ അവർ തീരുമാനിച്ച് അവരുടെതായ സ്വന്തം രാജ്യത്ത് നില്ക്കുവാനും അവിടെ അവർ ഇടയപരിപാലന ശുശ്രൂഷയിലേക്കു മിഷ്യനറി പ്രവർത്തിയിൽ നിന്നു ഒന്നു മാറി ദൈവവേലയിൽ വ്യാപൃതരാകുകയും ചെയ്തു. അങ്ങനെ നമ്മുടെ ഈ ചെറിയ പെൺ കുട്ടി സൗത്ത് ദാക്കോട്ടയിൽ തന്നേ വളർന്ന് വലുതാകുകയും ചെയ്തു. ഒരു ചെറുപ്പക്കാരിയായ സ്ത്രീയായി അവൾ വളർന്ന് വലുതായപ്പോൾ, അവൾ നോർത്ത് സെൻട്രൽ ബൈബിൾ കോളേജിൽ പോയി പഠനം തുടങ്ങുകയും ചെയ്തു. മിനിയ പോലീസിൽ അവിടെ വച്ച് ഒരു സുന്ദരനായ ചെറുപ്പക്കാരനെ കണ്ടുമുട്ടുകയും അവനെ വിവാഹം കഴിക്കുക യും ചെയ്തു. അവന്റെ പേരാണ് ഡിവെ ഹസ്റ്റ്.

അങ്ങനെ വർഷങ്ങൾ പലതു കടന്നുപോയി. ആ പ്രീയപ്പെട്ടവർ വളരെ ഫലവത്തായ ശുശ്രൂഷ ആസ്വദിച്ച് ചെയ്തു. ആഗി തന്റെ ആദ്യ പ്രസവത്തിൽ ഒരു പെൺകുഞ്ഞിനേയും പിന്നീട് ഒരു ആൺകുഞ്ഞിനേയും പ്രസവിച്ചു. ഈ കാലഘട്ടത്തിൽ അവളുടെ ഭർത്താവ് സീറ്റൽ പ്രദേശത്തുള്ള ക്രിസ്ത്യൻ കോളെജിന്റെ പ്രസിഡന്റ് ആയിട്ട് ചുമതല ഏൽക്കുകയും, അങ്ങനെ ആഗീയാണെങ്കിൽ ആ സമയത്ത് ധാരാളം സ്കാൻഡിനേവിയവരുമായിട്ട് ചില രഹസ്യ കൂട്ടുകെട്ടുകൾ സൃഷ്ടിക്കുകയും ചെയ്തു.

ഒരു ദിവസം യാദൃശ്ചികമായിട്ട് സ്വീഡീഷ്കാരുടെ മതപരമായ കാര്യങ്ങളെ പരാമർശിക്കുന്ന ഒരു മാഗസിൻ അവരുടെ എഴുത്ത് പെട്ടിയിൽ വന്നു. എന്നാൽ അവൾക്ക് യാതൊരു വിധമായ ധാരണയും ഇല്ലായിരുന്നു. ആരാണ് ഇത് ഇവിടേയ്ക്കു അയച്ചതെന്ന്, തന്നേയുമല്ല അവൾ അത് വായിക്കുവാനും തുനിഞ്ഞില്ല. എന്നാൽ അവൾ ആ മാഗസിനിലെ പേജ്ജുകളിൽ കൂടി കടന്നു പോയപ്പോൾ, വളരെ പെട്ടെന്ന് തന്നേ ഒരു ഫോട്ടോയിൽ അവളുടെ കണ്ണുകൾ ഒന്നു ഉടക്കുകയും അല്പ നേരത്തേയ്ക്കു ഒരു വലിയ തണുപ്പ് തന്റെ ശരീരത്തെ മുഴുവൻ ബാധിക്കപ്പെട്ടതുപോലെ അവൾ നിശ്ചലാവസ്ഥയിലാകുകയും ചെയ്തു. അവിടെ വളരെ അപരിഷ്കൃതമായ തരത്തിലുള്ള ഒരു ശവകുടീരത്തിന്റെ ഫോട്ടോ കാണുകയും അതിൽ തന്റെ മാതാവായ സ്വീവാഫ്ളഡ് എന്ന നാമകരണം കാണുകയും ചെയ്തു.

ആഗീ അവളുടെ കാരിവുള്ളിലേയ്ക്കു ശീഘ്രത്തിൽ കയറുകയും കോളേജിലേയ്ക്കു പോകുകയും അവിടെ അവൾക്ക് അറിയാവുന്ന ഒരു ചുമതലക്കാരനെ കാണുകയും ചെയ്തു, ആ മാഗസിനിലെ പംക്തി ഭാഷ വിവർത്തനം നടത്തുവാനും കഴിഞ്ഞു. എന്താ ണ് ഇത് സംസാരിക്കുന്നതെന്ന്? അവൾ ആവശ്യപ്പെട്ടു.

ആ മാന്യദേഹം അതിലെ കഥയെ വളരെ ക്രോഡീകരിച്ച് സംസാരിക്കുവാൻ തുടങ്ങി. ഇത് ഒരു മിഷനറി കുടുംബത്തിന്റെ ചരിത്രമാണ് പറയുന്നത്. അവർ കുറെ വർഷങ്ങൾക്ക് മുമ്പെ എൻഡൊലീറാ യിൽ സുവിശേഷ ദൗത്യ നിർവ്വഹണം പ്രവർത്തിയ്ക്കായിട്ട് എത്തിച്ചേരുകയും.... ഒരു വെള്ളക്കാരനായ കുട്ടിക്കു ജന്മം നൽകുകയും ചെയ്തു. എന്നാൽ വളരെ ചെറുപ്പക്കാരിയായ ആ മാതാവിനെ മരണം.... ഒരു ചെറിയ ആൺകുട്ടിയെ മാത്രം ക്രിസ്തുവിലേയ്ക്കു നയിച്ചവൾ... എങ്ങനെയോ, അതിനുശേഷം എല്ലാ വെള്ളക്കാരും അവിടുന്ന് മടങ്ങി പോകുകയും ചെയ്തു. എന്നാൽ ആ ചെറിയ ആൺകുട്ടി വളർന്ന് വലുതാകുകയും അവസാനത്തിൽ ആ ഗ്രാമത്തിൽ ഒരു സ്കൂൾ ആരംഭിക്കുവാനും ഗ്രാമതലവനാൽ പ്രചോദിതനായി തീർന്നു. ആ പംക്തിയിൽ പറഞ്ഞിരിക്കുകയാണ് ആ തന്റെ സ്കൂളിൽ വിദ്യാഭ്യാസം നടത്തുന്നതിനായിട്ട് എത്തിച്ചേർന്ന എല്ലാ കുട്ടികളേയും അവന് ക്രിസ്തുവിനായിട്ട് നേടുവാൻ കഴിഞ്ഞു.... ആ സ്കൂൾ കുട്ടികൾ അവരുടെ രക്ഷകർത്താക്കളെ ക്രിസ്തു

(ശേഷം 7-ാം പേജിൽ)

(6-ാം പേജിന്റെ തുടർച്ച)

## ഒരു വിത്ത്

വിങ്കലേക്കു കൊണ്ടുവന്നു. അവസാനത്തിൽ ഗ്രാമത്തലവനും ഒരു ദൈവപൈതലായിട്ട് തീർന്നു. ഇന്ന് ആ ചെറിയ ഗ്രാമത്തിൽ ഏകദേ ശം അറുന്നൂറോളം ക്രി സ്ത്യാനികൾ പാർക്കുന്നു.

സകലതും സംഭവിക്കപ്പെട്ടതു എന്തുകൊണ്ടെന്നാൽ ഡേവിഡിന്റെ തന്റെ സഹധർമ്മിണി സ്വീവാ ഫ്ളഡിന്റെ ത്യാഗപരമായ സമർപ്പണത്താലാണ്.

**വീണ്ടും ചേരൽ**

ഇവരുടെ (Hursts) -ന്റെ ഇരുപത്തി അഞ്ചാം വിവാഹ വാർഷികത്തിൽ, കോളെജിന്റെ പ്രധാന ചുമതലക്കാർ അവർക്ക് ഒരു അവധി നല്കി സ്വീഡനിലേയ്ക്കുള്ള ഒരു യാത്രയ്ക്കായിട്ട്. അവിടെ വെച്ച് ആഗീയ്ക്ക് തന്റെ സ്വന്ത പിതാവിനെ കണ്ടുമുട്ടുവാൻ കർത്താവ് സഹായിച്ചു. ഒരു പ്രായമുള്ള മനുഷ്യനാണ് ഇപ്പോൾ അദ്ദേഹം, ഡേവിഡ് ഫ്ളഡ് താൻ വേരൊരു വിവാഹം കഴിക്കുകയും നാലു കുട്ടികളുടെയും ഒരു അച്ഛൻ ആകുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ ഈ ജീവിതയാത്രയിൽ നിരാശിതനായിട്ട് ഒരു തികഞ്ഞ മദ്യപാനിയായി തീർന്നു വളരെ അടുത്ത സമയത്തായിട്ട് ഒരു സ്ട്രോക്കു തനിക്കു സംഭവിച്ചു. എന്നാൽ ഇപ്പോഴും, വളരെ കയ്പായിട്ട് താൻ പറയുകയാണ് അവന് അവന്റെ കുടുംബത്തിൽ ഒരു നിശിതമായ നിയമം ഉണ്ടായിരുന്നു: നമ്മുടെ കർത്താവായ ദൈവത്തിന്റെ നാമം ഒരിക്കലും അവിടെ ഉരുവിട്ടിരുന്നില്ല - എന്തുകൊണ്ടെന്നാൽ ദൈവം എന്നിൽ നിന്നു സകലതും എടുത്തു.

വികാര നിർഭരമായ ആ കുറെ സമയങ്ങൾക്ക് ശേഷം അവരുടെ കൂടികാഴ്ചകളിൽ അവൾ അവളുടെ രണ്ടാം അമ്മയിൽ ജനിച്ച അനുജന്മാരേയും അനുജത്തിമാരേയം കണ്ടപ്പോൾ, ആഗീ അവളുടെ അച്ഛനെ കണ്ട വിഷയം മുൻപിലോട്ടു കൊണ്ടുവന്നു. എന്നാൽ മറ്റുള്ളവരൊക്കെ യും അതിനെ എതിർത്തു. നിനക്ക് അവനോട് സംസാരിക്കാം അവർ ഒരേ സ്വരത്തോടെ മറുപടിയും പറഞ്ഞു, അവൻ ഇപ്പോൾ വളരെ രോഗാവസ്ഥയിൽ ആയിരുന്നെന്നാലും നീ ഒരു കാര്യം അറിഞ്ഞിരിക്കേണം അവൻ എപ്പോഴെങ്കിലും ദൈവം എന്ന നാമം കേൾക്കുമ്പോൾ അവൻ ഒരു പ്രത്യേക തരത്തിലുള്ള കോപത്താൽ നിറയപ്പെടുകയാണ്.

എന്നാൽ ഇതൊന്നു ആഗിയെ ഭയപ്പെടുത്തുകയും തടഞ്ഞുനിർത്തുകയോ ചെയ്തില്ല. അവൾ വളരെ വൃത്തികെട്ട ആ മുറിവിലേയ്ക്കു ലക്ഷ്യം ആക്കി നടന്നു നീങ്ങി. അവിടെ അവൾ കണ്ട കാഴ്ചകൾ വളരെ രോദനത്തിന്റേതായിരുന്നു. ഒഴിഞ്ഞ മദ്യ കുപ്പികൾ അവിടെയെല്ലാം ചിതറികിടക്കുകയാണ്, ഏകദേശം എഴുപത്തിമൂന്ന് വയസ്സ് പ്രായമുള്ള ആ മനുഷ്യൻ മടക്കി എടുക്കാവുന്ന ഒരു ചെറിയ കട്ടിലിൽ കിടക്കുന്ന കാഴ്ചയാണ് അവൾ കണ്ടത്.

പപ്പാ അവൾ വളരെ വേദനയോടെ വിളിച്ചു പറഞ്ഞു.

അവൻ ചുറ്റിതിരിഞ്ഞ് വാവിട്ടു കരയുവാൻ തുടങ്ങി. അവൻ പറഞ്ഞു, ഞാൻ നിന്നെ ഒരിക്കലും ദൂരെ അയയ്ക്കുവാൻ ഉദ്ദേശിച്ചിരുന്നില്ല.

അതൊന്നും സാരമില്ല, പപ്പാ അവൾ മറുപടി കൊടുത്തു. അവളുടെ ആ മൃദുലമായ കരങ്ങളാൽ അവനെ അവൾ വാരി എടുത്തു, ദൈ വം എന്റെ കാര്യം വളരെ ശ്രദ്ധയോടുകൂടി ചെയ്തു.

ആ മനുഷ്യൻ വളരെ പെട്ടെന്ന് തന്നേ വളരെ കർശനക്കാരനായിട്ട് മാറി. അവന്റെ കണ്ണുകളിൽ നിന്നുള്ള ആ കണ്ണുനീർ പ്രവാഹം നിശ്ചലമായി തീർന്നു.

ദൈവം നമ്മോട് എല്ലാം മറന്നിരിക്കുന്നു. നമ്മുടെ ജീവിതങ്ങൾ എല്ലാം അങ്ങനെ തന്നേ ഉള്ളതാ, അത് അവൻ നിമിത്തമാണ്. അവൻ അവന്റെ മുഖത്തെ ചുവരിനോട് അഭിമുഖമായിട്ട് തിരിച്ചു.

പപ്പാ, എനിക്ക് ഒരു ചെറിയ കഥയുണ്ട്. നിന്നോടു പറയുവാൻ, അതേ, പപ്പാ അതു സത്യമാണ്. നീ വെറുതെ അല്ല ആഫ്രിക്കയിലേക്കു പോയത്. മമ്മിയും വെറുതേ അല്ല പപ്പ മരിച്ചത്. ആ ഒരു ചെറിയ ആൺകുട്ടിയെ നിങ്ങൾ ക്രിസ് തുവിൽ വളർത്തി കൊണ്ടുവന്നവൻ വളർന്ന് വലുതായി ആ ഒരു ഗ്രാമത്തെ മുഴുവൻ യേശുക്രിസ്തുവിങ്കലേയ്ക്കു കൊണ്ടുവന്നു. നിങ്ങൾ വിതെച്ചത് കേവലം ഒരേ ഒരു വിത്തു മാത്രമായിരുന്നു. എന്നാൽ അത് വളർന്ന് വളർന്ന് കൊണ്ടിരുന്നു. എന്നാൽ ഇന്നാകട്ടെ ആ ഗ്രാമത്തിലുള്ള ഏകദേശം അറുനൂറ് ആൾക്കാർ ക്രിസ്തുവിനെ ആരാധിക്കുന്നു. പ്രീയപ്പെട്ട പപ്പാ എന്തുകൊണ്ടെന്നാൽ താങ്കൾ താങ്കളുടെ ദൈവീക വിളിയിൽ വിശ്വസ്തനായി തീർന്നതുകൊണ്ട്.

പപ്പാ, യേശു നിന്നെ സ്നേഹിക്കുന്നു. എന്റെ പപ്പാ അവിടുന്ന് താങ്കളെ ഒരിക്കലും വെറുത്തിരുന്നില്ല.

ഈ പ്രായം ചെന്ന മനുഷ്യൻ അവൻ അവന്റെ മകളുടെ കണ്ണുകളിലേക്കു നോക്കി കൊണ്ടു ഒന്നു തിരിഞ്ഞു. അവന്റെ ശരീരം ഇപ്പോൾ വിശ്രമിക്കുകയാണ്. അവൻ സംസാരിക്കുവാൻ തുടങ്ങി. ഏകദേശം മദ്ധ്യാഹനത്തിന്റെ അസ്തമയത്ത്, അവൻ നമ്മുടെ കർത്താവായവങ്കലേയ്ക്കു മടങ്ങി വന്നു, കഴിഞ്ഞപ്പോൾ ആ ദശകങ്ങളെ കുറിച്ച് ഓർത്തു നിരാശയോടു കൂടി.

മുന്നോട്ടുള്ള ആ ചില ദിവസങ്ങൾ, ആ പിതാവും മകളും വളരെ ഊഷ്മളങ്ങളായ കൂട്ടായ്മയാൽ സന്തുഷ്ടരായി തീർന്നു. എന്നാൽ ആഗയും അവളുടെ ഭർത്താവും വേഗം ആഫ്രിക്കയിലേക്കു മടങ്ങിപ്പോയി. അതുപോലെ ചില ആഴ്ചകൾക്ക് ഉള്ളിൽ തന്നേ, ഡേവിഡ് ഫ്ളഡ് നിത്യതയിലേക്കു ചേർക്കപ്പെട്ടു.

ചില വർഷങ്ങൾക്കു ശേഷം ഇംഗ്ലണ്ടിലെ ലണ്ടനിൽ നടന്ന ഒരു ഉയർന്ന നിലവാരത്തിലുള്ള ഒരു ഇവാഞ്ചലിസം കോൺഫറൻസിൽ ആഗിയുടെ കുടുംബം പങ്കെടുക്കുക ഉണ്ടായി. അവിടെ ഒരു റിപ്പോർട്ട് നല്കപ്പെടുകയുണ്ടായി. നേഷൻ ഓഫ് സൈറിലെ (ദ ഫോർമർ ബെൽജിയൻ കോൺകോ) ദേശീയ ചർച്ചിന്റെ സൂപ്രണ്ട് 110,000-ത്തോളം സ്നാനപ്പെട്ട വിശ്വാസസമൂഹത്ത പ്രതിനിധീകരിച്ചുകൊണ്ടു, അദ്ദേഹത്തിന്റെ രാജ്യത്തിൽ സുവിശേഷത്തിന്റെ വ്യാപനത്തെ വളരെ വാക്ചാരുതയോടുകൂടി സംസാരിച്ചു. അശി ആകട്ടെ അല്പ സമയത്തിനുശേഷം അദ്ദേഹത്തോടു ചോദിച്ചു താങ്കൾ എന്നെങ്കിലും ഇതുവരേയും ഉള്ള ജീവിതത്തിൽ ഡേവിഡിനെയും സ്വീവാ ഫ്ളഡ്സിനെ കുറിച്ച്.

അതേ മാഡം, ഫ്രഞ്ച് ഭാഷയിൽ ആ മനുഷ്യൻ മറുപടി പറഞ്ഞു, അവന്റെ വാക്കുകൾ അന്നേരം ഇംഗ്ലീഷ് ഭാഷയിലേക്കു തർജ്ജമ ചെയ്തു. ഈ സ്വീവ ഫ്ളഡ് ആണ് എന്നെ യേശുവിങ്കലേയ്ക്കു നടത്തിയത്. ഞാൻ ആയിരുന്നു ആ ചെറിയ ആൺകുട്ടി. എപ്പോഴും നി ങ്ങളുടെ മാതാപിതാക്കൾക്ക് ആഹാരം കൊണ്ടുവന്ന് കൊടുത്തിരുന്നത്. നിങ്ങള ജനിക്കുന്നതിനു മുമ്പെ വാസ്തവത്തിൽ, ഇന്നുവരേയും നിങ്ങളുടെ മാതാവിന്റെ കല്ലറയും അതുപോലെ അവളുടെ ഓർമ്മകളും ഞങ്ങൾ എല്ലാവരും വളരെ ആദരവോടുകൂടി സ്മരിക്കുന്നു.

അവൻ അവളെ കെട്ടിപിടിച്ചു അവളുടെ നെറുകയിൽ ചുംബിച്ചും വിതുമ്പലോടുകൂടി അവളെ കെട്ടി പുണർന്നു. അവൻ അന്നേരം

(ശേഷം 8-ാം പേജിൽ)

( 7-ാം പേജിന്റെ തുടർച്ച)

തുടർന്നുകൊണ്ടിരുന്നു. നീ തീർച്ചയായിട്ടും ആഫ്രിക്കയിലേക്കു വരണം ഒന്നു കാണുവാൻ, എന്തുകൊണ്ടെന്നാൽ നിന്റെ അമ്മ ഞങ്ങളുടെ ചരിത്രത്തിലെ ഏറ്റവും പ്രശസ്തയായ ഒരു സ്ത്രീയാണ്.

ഈ സമയത്തിൽ വാസ്തവത്തിൽ ഇതു തന്നേ ആയിരുന്നു ആഗിയും അവളുടെ ഭർത്താവും ചെയ്തത്. ആ ഗ്രാമവാസികളുടെ ആനന്ദത്തോടെ കൂടെയുള്ള കരഘോഷണത്താലും ആർപ്പുവിളികളാലും ആണ് അവരെ സ്വാഗതം ചെയ്തു സ്വീകരിച്ചത്. അവിടെ വച്ച് അവൾക്ക് കാണുവാൻ സാധിച്ചു അവളുടെ പിതാവിൽ നിന്നു അവളെ വാങ്ങിയ ആ മനുഷ്യനെയും അനേകം വർഷങ്ങൾക്ക് മുമ്പെ ആണ് അവിടെവച്ച് അവളെ മലപ്രദേശത്തേയ്ക്കു മടക്കി കൊണ്ടുവന്നു ഫോർ ഒരു തൊട്ടിലിലിൽ കിടക്കുന്ന അവളുടെ ആ കുഞ്ഞു പ്രായത്തിൽ.

വളരെ പ്രധാനപ്പെട്ട നാടകീയമായ നിമിഷം, തീർച്ചയായിട്ടും, അവിടുത്തെ പാസ്റ്ററാകട്ടെ വളരെ സുരക്ഷിതത്വത്തോടു കൂടി അവളുടെ മാതാവിന്റെ വെളുത്ത കുരിശിനെ അവളെ ഒന്നു കാണിക്കുവാനായിട്ടു കൊണ്ടുപോയി. അവൾ ആ മണ്ണിൽ മുട്ടുമടക്കി പ്രാർത്ഥിച്ചു. അതുപോലെ നന്ദിയും പ്രകാശിപ്പിച്ചു. അന്നേ ദിവസത്തിനു ശേഷം, പള്ളിയിൽ, പാസ്റ്റർ ഒരു വേദഭാഗം വായിച്ചു യോഹന്നാന്റെ സുവിശേഷം 12-ാം അദ്ധ്യായം അതിന്റെ 24-ാം വാക്യം, “ ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: കോതമ്പു മണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. അതിനുശേഷം അവൻ തുടർന്നു വായിച്ചു, കണ്ണുനീരോടെ വിതെക്കുന്നവർ ആർപ്പോടെ കൊയ്യും ” (സങ്കീ. 126:5). ❖

# വേർതിരിക്കുവാൻ സാധ്യമല്ലാത്ത സമർപ്പണം

By Andrew Murray

“ അതിനു ഇത്ഥായി രാജാവിനോടു: യഹോവയാണ, യജമാനനായ രാജാവാണ്, യജമാനനായ രാജാവു എവിടെ ഇരിക്കുന്നുവോ അവിടെ തന്നെ മരണമോ ജീവനോ എന്തു വന്നാലും അടിയനും ഇരിക്കും എന്നു പറഞ്ഞു (2ശമു. 15:21).

“ അങ്ങനെ തന്നേ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതു ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവനു എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല ” (ലൂക്കോ. 14:33).

“ അത്രയുമല്ല, എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു ” (ഫിലി. 3:8).

കർത്താവിങ്കലേയ്ക്കു സമർപ്പിക്കുക എന്നത് ഒരു ദൈവപൈതലിനെ അപേക്ഷിച്ചടത്തോളം എപ്പോഴും നവീനവും അതുപോലെ വളരെ ആഴമേറിയ പ്രാധാന്യവും ഉണ്ട് അതിന്. എപ്പോഴാണോ ഇത് പ്രവൃത്തിപഥത്തിൽ വരുന്നത്, അപ്പോൾ അവൻ മനസ്സിലാക്കുകയാണ് എത്രമാത്രം ഈ സമർപ്പണം ഉൾക്കൊള്ളുന്നു അത്രയും പ്രാധാന്യം ഒട്ടും കുറവല്ലാത്തതുമായ ഒരു പരിപൂർണ്ണവും അതുപോലെ വേർതിരിക്കുവാൻ സാധ്യമല്ലാത്തതും ആയ ഒന്നാണ് സമർപ്പണത്തോടുകൂടി ജീവിക്കുക മാത്രമാണെന്നു എപ്പോഴും, അതുപോലെ തന്നേ സമ്പൂർണ്ണമായിട്ടു യേശുവിനുവേണ്ടിയും ആണ് ഇതെന്നും ഉള്ള യാഥാർത്ഥം. ദേവാലയം പൂർണ്ണമായിട്ട് കർത്താവിനെ ആരാധിക്കുവാൻ മാത്രം വേർതിരിക്കപ്പെട്ടതു പോലെ ആയിരുന്നു, ആയതിനാൽ സകലരും അറിഞ്ഞിരുന്നു ഇത് നിലനില്ക്കുന്നത് ഇത് ഒരേ ഒരു ഉദ്ദേശ്യത്തിനായിരുന്നു. അപ്രകാരം തന്നെ, താങ്കൾ പൂർണ്ണമായിട്ട് നമ്മുടെ കർത്താവിന്റേതു മാത്രമാണ്. സകല യാഗങ്ങളും ദാനങ്ങളും യാഗപീഠത്തിലുണ്ടായിരുന്നു. കർത്താവിന്റെ കല്പന പ്രകാരം ആയിരുന്നതുപോലെ, അവിടെ ഒരുവനും അവിടുന്ന് പറഞ്ഞപ്രകാരം പ്രവർത്തിക്കുവാൻ അല്ലാതെ സ്വന്ത ഇഷ്ടപ്രകാരം ഒന്നും എടുത്ത് അത് ഉപയോഗിക്കുവാൻ അല്ലെങ്കിൽ പ്രയോഗിക്കുവാൻ ആർക്കും അധികാരം ഇല്ലായിരുന്നു. താങ്കളുടെയും സമർപ്പണം നമ്മുടെ കർത്താവും ആയിട്ടുള്ളതും അതുപോലെ തന്നേ തീർച്ചയായിട്ടും വേർതിരിക്കുവാൻ കഴിയാത്തത് ആയിരിക്കേണം. ദൈവം തുടർച്ചയായിട്ടും യിസ്രായേലിനെ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു അത് അവിടുന്ന് അവരെ വിമോചിപ്പിച്ച് അവിടുത്തെ സ്വന്ത അവകാശം ആക്കി തീർത്തെന്ന്. നമുക്ക് ഒന്നു നോക്കാം എന്താണ് ഇവിടെ സൂചിപ്പിക്കുന്നത് എന്ന്.

വ്യക്തിപരമായ ഒരു അഭേദ്യമായ ബന്ധം യേശുവിനോട് സൃഷ്ടിച്ചെടുക്കണം, അതു പോലെ തന്നേ അവിടുത്തെ നാമത്തിലുള്ള ഒരു രഹസ്യമായ കൂട്ടായ്മയും വേണം. അവിടുന്നു ആയിരിക്കും അവിടുന്നു തന്നേ ആയിരിക്കും പ്രീയതമനായവൻ, ഏറ്റവും വലിയ ആഗ്രഹം ആയവൻ, നമ്മുടെ ആത്മാവിന്റെ സന്തോഷം ആയവൻ ആദ്യം നമ്മുടെ സേവനം (ശുശ്രൂഷ) യെ അവിടുത്തെ തിരുമുമ്പിൽ സമർപ്പിക്കേണം. അവിടുന്നു തിരുമുമ്പിൽ സമർപ്പിക്കേണം. അവിടുന്നു നമ്മുടെ സുഹൃത്തും അതുപോലെ രാജാവും ആയിട്ടു, നമ്മുടെ വിമോചകനായിട്ട് അതേ നമ്മുടെ കർത്താവായ ദൈവം ആയിട്ട്. ഇത് ആത്മീകമായ പ്രചോദനം മാത്രം നമ്മുടെ വ്യക്തിപരമായിട്ടുള്ളത്, എന്നാൽ നമ്മുടെ ഹൃദയംഗമായ സ്നേഹത്താൽ മാത്രമാണ്. നമ്മുടെ ജീവിതത്തിൽ കൂടി പൂർണ്ണമായ ഒരു സമർപ്പണത്തിലേക്കു വരുകയുള്ളൂ. നമ്മുടെ കർത്താവായ യേശു ആവർത്തിച്ച് ഉപയോഗിച്ച വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്, എനിക്കു വേണ്ടി, എന്നെ അനുഗമിക്കുക, എന്റെ ശിഷ്യന്മാർ അതേ അവിടുന്നു തന്നേ ആയിരിക്കേണം നമ്മുടെ ജീവിതത്തിന്റെ കേന്ദ്ര ബിന്ദു. എന്തുകൊണ്ടെന്നാൽ അവൻ തന്നേ നമുക്കായിട്ടു നല്കി. ഒരു ശിഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട സ്വഭാവ ഗുണമായിരിക്കേണ്ടതു അവനെ സ്വന്തമാക്കുവാനുള്ള ആഗ്രഹം ഉണ്ടായിരിക്കണം എന്നുള്ളതാണ്. അവനെ സ്നേഹിപ്പാനും അതുപോലെ അവനിൽ തന്നേ പൂർണ്ണമായിട്ടു ആശ്രയിക്കുവാനും ആയിരിക്കേണം.

അടുത്തതായിട്ട് പൊതുജനം ഒരുമിച്ചുള്ള ഒരു പശ്ചാതാതപ സമർപ്പണം ആണ്. ആർക്കൊക്കെയും എന്തൊക്കെയും നമ്മുടെ കർത്താവായ ദൈവം നല്കിയിരിക്കുന്നുവോ അതെല്ലാം അറിഞ്ഞ് വ്യക്തതയോടുകൂടി ഉള്ള ഒരു സമർപ്പണം ആണിത്. നമ്മുടെ കർത്താവായ യേശുക്രിസ്തു അവിടുത്തെ ആ മഹത്തായ കരുണയെ പ്രദർശിപ്പിക്കുമ്പോൾ ഒരു ആത്മാവിനു വേണ്ടി അതിന്റെ വിമോചനത്തിനായിട്ടു, അവിടുന്ന് ആഗ്രഹിക്കുന്നത് ആ മഹത്തായ കർത്തവ്യം മുഴുലോകവും അത് കാണുകയും അതുപോലെ തന്നേ അതിനെ കുറിച്ചു അറിഞ്ഞു ഇരിക്കണം എന്നുള്ളതാണ്. അവിടുത്തെ ആഗ്ര

(ശേഷം 9-ാം പേജിൽ)

ഹം എന്നത് സകലരും അറിയേണം എന്നും അതുപോലെ എല്ലാവരാലും അത് ആദരിക്കപ്പെടണം എന്നതുമാണ്. ഇതിന്റെ യജമാനൻ ആയിട്ട്. അവിടുന്നുള്ള ആഗ്രഹം എന്നത് സകലരും അതായത് ആരാണോ അവിടുത്തെ സ്വന്തം ജനമായി തീർന്നവർ അവരൊക്കെയും തീർച്ചയായിട്ടും പശ്ചാത്തപിച്ച് സമർപ്പിച്ച് പറയേണം. അത് യേശു തന്നേയാണ് രാജാവ് എന്ന്. ഇപ്രകാരം ഉള്ള പൊതുജനത്തിന്റെ ഒരു പൂർണ്ണ സമർ പ്പണം കൂടാതെയുള്ളത് അത് തികച്ചും സമർപ്പണം ആണ് എന്നാൽ അത് പകുതി ഹൃദയത്തോടും കൂടിയ ഒന്നാണ്.

പൊതുജനത്തിന്റെ ഈ പശ്ചാത്താപത്തോടുള്ള സമർപ്പണം ഇത് ഒരു ഭാഗം ആകയാൽ, ഇവിടെ ഒരു കാര്യം കൂടെ ആവശ്യമായിരിക്കുന്നു. അത് നാം അവിടുത്തെ ജനത്തോടുകൂടെ കൂടി ചേരുമ്പോഴും അതുപോലെ അവരെ നാം കരുതേണ്ടിയിരിക്കുന്നു. അവർ നമ്മുടെ ജനം തന്നേയാണ് എന്നുള്ളത്. പുതിയതായി ഒരു കല്പന കർത്താവ് നല്കിയിരിക്കുന്നത്, നാം എല്ലാവരും അവിടുത്തെ ശിഷ്യന്മാരാണെന്നുള്ളത് തീർച്ചയായിട്ടും സകലരും ഒരുപോലെ അംഗീകരിക്കേണ്ടി ഇരിക്കുന്നു. ഇത് സാഹോദര്യ സ്നേഹം ആണ്. ഒരു പക്ഷേ ഒരു സ്ഥലത്ത് ഉള്ള ദൈവമക്കൾ വളരെ കുറവായിരിക്കാം അല്ലെങ്കിൽ നിരാശപ്പെട്ടവരായിരിക്കാം അല്ലെങ്കിൽ പൂർണ്ണരല്ലായിരിക്കാം, താങ്കൾ അവരോടുകൂടെ ചേരേണം. അവരെ സ്നേഹിക്കേണം. അവരുമായിട്ടുള്ള കൂട്ടായ്മ ആചരിക്കേണം. താങ്കളെ തന്നെ അവരും ആയിട്ടുള്ള കൂട്ടായ്മയിൽ കൊണ്ടുവന്നിട്ടു അവരുടെ പ്രാർത്ഥന കൂടിവരവുകളിൽ പങ്കുചേരുകയും അതുപോലെ അങ്ങനെയെല്ലാം . അവരെ നല്ലവണ്ണം സ്നേഹിക്കുക. സാഹോദര്യ സ്നേഹം ആണ് വളരെ അത്ഭുതകരമായ ശക്തിയുള്ളതു സ്നേഹത്തി ന്റെ ഹൃദയത്തെ തുറുക്കുവാ നും അതുപോലെ ദൈവത്തിൽ വസിക്കുന്നതിനു ഉള്ളത്.

നമ്മുടെ സമർപ്പണം അത് സമ്പൂർണ്ണം ആയിതീരുവാൻ, അവിടെ ഒരു വേർപാടു കൂടെ ആവശ്യമാണ്. അതേ പാപത്തിൽ നിന്നും ലോകത്തിൽ നിന്നും അശുദ്ധമായതൊന്നും സ്പർശിക്കരുത്. ലോകം പിശാചിന്റെ തിന്മയുടെ നിയന്ത്രണത്തിലാണ് എന്നുള്ള വസ്തുത അറിഞ്ഞിരിക്കേണം. ഒരിക്കലും ചോദിക്കരുത് എത്രയാണ് നിങ്ങൾക്ക് നേടുവാൻ കഴിയുന്നത് ഒന്നും നഷ്ടമാക്കാതെ. അതുപോലെ എപ്പോഴും ചോദിക്കരുത് എന്താണ് പാപം എന്ന് അതുപോലെ നിയമത്തിലുള്ളതൊന്നും. ചിലതൊക്കെയും നിയമത്താൽ അംഗീകൃതം ആണെങ്കിൽ പോലും, തീർച്ചയായിട്ടു ഒരു ദൈവപൈതലിന് എപ്പോഴും സമർപ്പണം ഉണ്ടായിരിക്കേണം. ചിലതൊക്കെയും ഒന്ന് പരിത്യജിക്കുവാനും അവന്റെ ദൈവത്തിന്റെ പിമ്പെ പൂർണ്ണസമർപ്പണവാനായിട്ട് ഒരു നല്ല ജീവിതം കാഴ്ചവെക്കുവാൻ വേണ്ടി. നിയമസാധ്യതയുള്ളവയിൽ നിന്നു പോലുള്ള വർജ്ജനം മിക്കപ്പോഴും അത് ഒഴിച്ചു കൂടാൻ ആവാത്തതായിരിക്കാം നമ്മുടെ കർത്താവായ യേശുവിനെ പൂർണ്ണമായിട്ട് മാതൃകയായിക്കി പിൻതുടരുന്നതിന്. ദൈവത്തിനുവേണ്ടിയും അവിടുത്തെ വിശുദ്ധിക്കായിട്ടും പൂർണ്ണമായിട്ടു വേർതിരിക്കപ്പെട്ടവനെപ്പോലെ ജീവിക്കുക. ഒരുവൻ ആരാണോ സകലതും പരിത്യജിക്കുന്നവൻ, യേശുവിന്റെ നാമമഹത്വത്തിനായിട്ട് സകലതും ചേതം എന്നു എണ്ണുന്നവൻ, തീർച്ചയായിട്ടും നൂറ് മടങ്ങ് പ്രതിഫലം തീർച്ചയായിട്ടു ഈ ജീവിതത്തിൽ തന്നേ സ്വീകരിക്കും.

അതുപോലെ ചോദിച്ചേയ്ക്കാം എന്താണ് ഞാൻ സകലത്തിൽ നിന്നും മാറി നില്ക്കേണ്ടി ഇരിക്കുന്നത്, ഞാൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതിൽ നിന്ന് സമ്പൂർണ്ണ സമർപ്പണത്തിന്റെ കണ്ണുകൾ നമ്മെ സഹായിക്കുന്നു. ദൈവത്തിനായിട്ടു യോഗ്യവും ഉപയോഗപ്രദവും അതുപോലെ അവിടുത്തെ നാമത്തിലുള്ള സേവനത്തിനും നമ്മെ കൊള്ളാവുന്നരാക്കി തീർക്കുവാൻ. അവിടെ യാതൊരു കൊള്ളാവുന്നവരാക്കി തീർക്കുവാൻ. അവിടെ യാതൊരു കാരണവശാലും സംശയത്തിന്റെതായി ഒരു ചെറിയ കണികപോലും ഇല്ലാതെയും നിങ്ങൾ ദൈവത്തിന് ആവശ്യം ഉള്ളവനാണെന്നു അങ്ങനെ വലിയ അനുഗ്രഹങ്ങൾ പ്രാപ്തം ആക്കുവാനും സാധിക്കും. ഒരു കാര്യം മാത്രം ചെയ്യുക നിങ്ങളെത്തന്നേ യാതൊരു കരുതലും ഇല്ലാതെ അവിടുത്തെ ശക്തിയുള്ള കരങ്ങളിലേക്കായിട്ട് സമർപ്പിക്കുക. നിങ്ങളെ തന്നേ അവിടുത്തെ മുമ്പാകെ നിവേദിക്കുക. അങ്ങനെ നിങ്ങളെ അവിടുത്തെ അനുഗ്രഹത്താൽ നിറയ്ക്കും, അവിടുത്തെ സ്നേഹത്താൽ, അവിടുത്തെ ആത്മാവിനാൽ, താങ്കൾ ഒരു അനുഗ്രഹം തന്നേ ആയിരിക്കും.

ഒരു സമ്പൂർണ്ണ സമർപ്പണം അവനുവേണ്ടിയുള്ളത് അത് ഏറ്റവും ഉയർന്നതാണെന്നു ചിന്തിച്ച് ആരും തന്നേ ഭയപ്പെടരുത്. നിങ്ങൾ ഏതെങ്കിലും ആവശ്യപ്പെടുന്ന ഒരു നിയമത്തിന്റെ കീഴിലുള്ളവനല്ല, പ്രത്യുത യാതൊരു അധികാരവും നല്കുന്നില്ല. താങ്കൾ ഇപ്പോൾ കൃപയുടെ കീഴിലാണ്, അത് അതിൽ തന്നേ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എന്താണോ അതിന് ആവശ്യം ആയിട്ടു ചെയ്യേണ്ടത് അതിനായിട്ട് ആദ്യത്തെ സമർപ്പണം പോലെ, സകല പുതിയതുമായ സമർപ്പണം അത് യേശുവിങ്കലേക്ക് ആയിരിക്കേണം, പിതാവ് ആർക്കാണോ സകലതും നല്കിയതു നിങ്ങൾക്ക് വേണ്ടിയുള്ളത്. സമർപ്പണം എന്നത് അത് വിശ്വാസത്തിന്റെ ഒരു പ്രവൃത്തി കൂടിയാണ്, മഹത്വകരമായ വിശ്വാസ ജീവിതത്തിന്റെ ഒരു ഭാഗം കൂടെ വേണം താങ്കൾ പറയുവാൻ, ഇത് ഞാൻ ആകുന്നില്ല, പ്രത്യുത എന്നിലുള്ള ദൈവകൃപയാലാണ് അത് തീർച്ചയായിട്ടു പ്രവർത്തിക്കും. ഞാൻ ജീവിക്കുന്നത് വിശ്വാസത്താൽ അവനിലുള്ള ആരാണോ എനിക്കുവേണ്ടി പ്രവർത്തിക്കുന്നത് ആഗ്രഹത്തോടും അതുപോലെ പ്രത്യക്ഷമായ പ്രകടനത്തിലും

അനുഗ്രഹിക്കപ്പെട്ട കർത്താവേ, എന്റെ ഹൃദയത്തിന്റെ ദൃഷ്ടികളെ തുറക്കേണമേ അതിനാൽ അടിയന് ദർശിക്കുവാൻ സാധിക്കും എത്ര സമ്പൂർണ്ണതയോടുകൂടെ നിന്നെ അടിയനിൽ അങ്ങയ്ക്കായിട്ടു. അങ്ങ് ആയിരിക്കട്ടെ, എന്റെ മറയ്ക്കപ്പെട്ട ഹൃദയത്തിന്റെ ആഴങ്ങളിൽ ഒരു ശക്തിയാൽ അടിയനെ സൂക്ഷിക്കുകയും അതുപോലെ അവിടുത്തെ സ്വന്തമായിട്ട് അണയ്ക്കുകയും ചെയ്യുക. സകലരും ഒന്ന് അറിയട്ടെ അവിടുന്ന് എന്റെ രാജാവ് എന്നും, അതേ അങ്ങയുടെ ഹിതത്തിലാണ് അടിയൻ ആവശ്യപ്പെടുന്നത്. ലോകത്തിൽ നിന്നുള്ള അടിയന്റെ വേർതിരിവ്, അങ്ങയുടെ ഹിതത്തിലുള്ള സമർപ്പ ണം ആയി അത് തീരട്ടെ, അതേ അതിന്റെ വെളിപ്പെട്ട അടിയൻ സമ്പൂർണ്ണമായിട്ട്, അതേ സമ്പൂർണ്ണമായിട്ട്, കർത്താവിന്റേത്. ആമേൻ.